പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 707** **04.03.2020-ൽ മറുപടിയ്ക്ക്**

'ഗദ്ദിക' പ്രദർശന വിപണന മേള

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.എം. മുകേഷ്**<br>**ശ്രീ.കെ. ബാബു** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| എ) | സംസ്ഥാനത്ത് അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനതു കലകളും സംരക്ഷിക്കുന്നതിനും അവരുടെ പരമ്പരാഗത ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുമായി നടത്തിയ 'ഗദ്ദിക' പ്രദർശന വിപണന മേള ഏതെല്ലാം ജില്ലകളിലാണ് സംഘടിപ്പിച്ചതെന്ന് അറിയിക്കാമോ; | എ) | **2016-17**<br>1. പാലക്കാട് (വടക്കൻചേരി)<br>2. കോഴിക്കോട് (വളയം)<br>**2017-18**<br>3. കൊല്ലം (പത്തനാപുരം)<br>4. മലപ്പുറം (പൊന്നാനി)<br>**2018-19**<br>5. തിരുവനന്തപുരം (ആറ്റിങ്ങൽ)<br>6. കാസറഗോഡ് (പീലിക്കോട്)<br>**2019-20**<br>7. ആലപ്പുഴ (മാവേലിക്കര)<br>8. കണ്ണൂർ |
| ബി) | ഗോത്ര സമൂഹങ്ങളുടെ പരമ്പരാഗത രുചിക്കൂട്ടുകളും വനവിഭവങ്ങളും പൈതൃകമായി പകർന്ന് കിട്ടിയ വൈദ്യ ചികിത്സാ രീതികളും പൊതുജനങ്ങൾക്ക് അനുഭവിച്ചറിയാനുള്ള അവസരം പ്രസ്തുത മേളയിൽ ഒരുക്കിയിട്ടുണ്ടോ; | ബി) | ഉണ്ട്.<br>വിവിധ ഗോത്ര വിഭാഗങ്ങളുടെ തനത് ഭക്ഷ്യ വിഭവങ്ങളുടെ തൽസമയ നിർമ്മാണവും പ്രദർശന പരിപാടിയുടെ ഭാഗമാണ്. |
| സി) | ഈ രംഗത്തുള്ള സംരംഭകർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആഗോള | സി) | ഗദ്ദികയിൽ പങ്കെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ വ്യാപാരം കണ്ടെത്തുന്നതിനായി ആമസോൺ, ഇ- |

| | | | |
|---|---|---|---|
| | തലത്തിൽ വ്യാപാരം വ്യാപിപ്പിക്കുന്നതിനും ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ? | | കോമേഴ്സ് പ്ലാറ്റ്ഫോമിൽ 'ഗദ്ദിക' എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br>കഴിഞ്ഞ 6 മാസമായി നടന്നു വരുന്ന പ്രക്രിയയുടെ ഭാഗമായി 240 പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഇ-കോമേഴ്സ് സൈറ്റിൽ ലഭിച്ചിട്ടുണ്ട്. 2019 ഡിസംബർ മാസം ആരംഭിച്ച പദ്ധതിയിലൂടെ ഇതിനകം തന്നെ 85,000/- രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്. www.amazon.in എന്ന വെബ് സൈറ്റിൽ ഗദ്ദിക എന്ന് സെർച്ച് ചെയ്താൽ പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ വിവിധ ഉൽപ്പന്നങ്ങൾ ലഭ്യമാകും. |

**സെക്ഷൻ ഓഫീസർ**